


# പ്രത്യേക ശ്രദ്ധയ്ക്ക്

കൊറോണ പകർച്ചവ്യാധിക്ക് കാരണമായ കോവിഡ് 19 വൈറസിൻെറ വ്യാപനം പൂർണ്ണ നിയന്ത്രണ വിധേയമാകാൻ മാസങ്ങൾ വേണ്ടിവരുമെന്നിരിക്കേ ഓരോരുത്തരും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



1. ക്ലിനിക്കിൽ പ്രവേശിക്കുമ്പോൾ തന്നെ , സോപ്പ് / സാനിറ്റൈസർ ഇവ ഏതെങ്കിലും ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുക.
അണുവിമുക്തമാക്കിയ ശേഷം, കൈകൾ മുഖത്ത് തൊടാതിരിക്കാൻ ശ്രദ്ധിക്കണം.

2. രോഗവ്യാപനം ഉണ്ടായ സ്ഥലങ്ങളുമായോ വ്യക്തികളുമായോ ഏതെങ്കിലും തരത്തിലുള്ള സമ്പർക്കമുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ദയവായി അറിയിക്കുക .
വേണ്ട മുൻകരുതലുകൾ എടുക്കാൻ ഇത് ഞങ്ങളെ സഹായിക്കും .



3. മാസ്ക്ക് , തൂവാല ഇവ ഏതെങ്കിലും ഉപയോഗിച്ച് വായും മൂക്കും മറച്ചായിരിക്കണം ക്ലിനിക്കിനുള്ളിൽ ഇരിക്കേണ്ടത് .

4. രോഗികളോടൊപ്പം വരുന്നവർ ക്ലിനിക്കിന് പുറത്ത് കാത്ത് നിൽക്കുന്നതാകും ഉചിതം .

5. വിരൽ കൊണ്ട് വായ്ക്കുള്ളിൽ തൊടാതെ ഡോക്ടറോട് അസുഖവിവരം പറയുക.



6. സാമൂഹിക അകലം പാലിക്കുന്നതിൻെറ ഭാഗമായി , ക്ലിനിക്കിലെ തിരക്ക് ഒഴിവാക്കാൻ മുൻകൂട്ടി അപ്പോയിൻമെന്റ് എടുക്കാൻ ശ്രദ്ധിക്കുക .

7. രോഗവ്യാപനം തടയുന്നതിന് സർക്കാരും ആരോഗ്യ വകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുക.

8. ക്ലിനിക്കിൽ വരുന്നവരുടെ വിവരശേഖരണത്തിന്റെ ഭാഗമായി ഉള്ള Risk Assessment form നിർബന്ധമായും പൂരിപ്പിച്ച് നൽകുക.



**അസൗകര്യം ഉണ്ടാകുന്നതിൽ സദയം ക്ഷമിക്കുക.**

ida ATTINGAL

പൊതുജന താത്പര്യാർത്ഥം,
സാമൂഹിക ദന്താരോഗ്യ വിഭാഗം
ഇൻഡ്യൻ ദന്തൽ അസോസിയേഷൻ ആറ്റിങ്ങൽ ബ്രാഞ്ച് .
Issued by CDH Wing of IDA Attingal Branch on public interest.